# തെങ്ങൊന്നിന് മാസം 1,500 രൂപ ലഭിക്കുന്ന പദ്ധതിയുണ്ട്, തടസ്സം എക്സൈസ് വകുപ്പ്

## നീര പദ്ധതിയുമായി കാർഷിക സർവകലാശാല, പറ്റില്ലെന്ന് എക്സൈസ് വകുപ്പ്

**ആർ. കൃഷ്ണരാജ്**

തൃശൂർ ● കള്ള് ചെത്താൻ നൽകിയാൽ തെങ്ങൊന്നിനു മാസം കർഷകനു ലഭിക്കുന്നത് 250 രൂപ. 1,500 രൂപ ലഭിക്കുന്ന നീര പദ്ധതി തയാറാക്കി കേര കർഷകരെ സമ്പന്നരാക്കാൻ തുനിഞ്ഞിറങ്ങിയ കാർഷിക സർവകലാശാലയ്ക്കു മുന്നിൽ തടസ്സവുമായി എക്സൈസ് വകുപ്പ്. സംസ്ഥാനത്തെ കേര കർഷകരെ പ്രതിസന്ധിയിൽനിന്ന് കരകയറ്റാൻ ലക്ഷ്യമിടുന്ന നീര പദ്ധതിക്കാണ് എക്സൈസ് വകുപ്പിന്റെ ഉടക്ക്. നിലവിലെ അബ്കാരി നിയമ പ്രകാരം തെങ്ങുകളിൽനിന്ന് നീരയ്ക്കായി ചെത്തു നടത്താൻ അനുവദിക്കാൻ പറ്റില്ലെന്നാണ് എക്സൈസിന്റെ വാദം. ഇതേത്തുടർന്ന് പ്രശ്നം പരിഹരിക്കുന്നതിന് അടിയന്തരമായി ഇടപെടണമെന്നാവശ്യപ്പെട്ട് കാർഷിക സർവകലാശാല സർക്കാരിനെ സമീപിച്ചു. തെങ്ങുകളിൽനിന്ന് നീര ഉൽപാദിപ്പിക്കുന്നതിനുള്ള സാങ്കേതിക വിദ്യ കഴിഞ്ഞ ദിവസം കാർഷിക സർവകലാശാല ഗവേഷണ വിഭാഗം സർക്കാരിന് കൈമാറിയിരുന്നു.

പദ്ധതി നടപ്പാക്കാൻ ഒരുങ്ങുമ്പോഴാണ് എക്സൈസ് വകുപ്പ് തടസ്സവുമായി രംഗത്ത് വരുന്നത്. എന്നാൽ നീരയിൽ ആൽക്കഹോളിന്റെ അംശം ഇല്ലെന്നും ഇക്കാരണത്താൽ അബ്കാരി നിയമം ബാധകമല്ലെന്നുമാണ് കാർഷിക സർവകലാശാലയുടെ വാദം. വിലയിടിവ് മൂലം കടുത്ത പ്രതിസന്ധിയിലേക്ക് നീങ്ങുന്ന കേര കർഷകർക്ക് ഏറെ പ്രതീക്ഷ നൽകുന്നതാണ് സർവകലാശാലയുടെ പദ്ധതി. നീര ഉൽപാദിപ്പിക്കുന്നതോടെ തെങ്ങൊന്നിന് 1500 രൂപ വരെ കർഷകന് ലഭിക്കുമെന്ന് സർവകലാശാല ഉറപ്പ് നൽകുന്നു. ചെത്തിയെടുക്കുന്ന നീര പുളിച്ചു കള്ളായി മാറുന്നത് തടയുന്നതിനു സർവകലാശാല വികസിപ്പിച്ചെടുത്ത മിശ്രിതം ചേർക്കുകയാണ് ചെയ്യുന്നത്. പത്തു വർഷം നീണ്ട ഗവേഷണത്തിനൊടുവിലാണ് സർവകലാശാല ഗവേഷണ വിഭാഗം മിശ്രിതക്കൂട്ട് വികസിപ്പിച്ചെടുത്തത്. പോഷക സമൃദ്ധമായ നീര ഉത്തമ സ്പോർട്സ് പാനീയമായി ഉപയോഗിക്കാം.